സി1/7851/റ്റിസി/2006

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 05-08-2016

**സർക്കുലർ നം.25 /2016**

വിഷയം: മോട്ടോർ വാഹന വകുപ്പ്-ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള ആയുർവേദ ഡോക്ടർമാർ നൽകി വരുന്ന ഡ്രൈവിംഗ് ലൈസൻസിനുള്ള നേത്ര പരിശോധനാ സർട്ടിഫിക്കറ്റിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച്

സൂചന: 1. സർക്കാർ ഉത്തരവ് നം. സ.ഉ. (സാധാരണ) നം. 291/16/ഗതാ തീയതി 15-07-16
2. സർക്കുലർ നം. 09/2006 തീയതി 25-11-2006
3. 21-02-2012 തീയതിയിലെ ഇതേ നമ്പർ കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സൂചനകൾ (2), (3) എന്നിവ പ്രകാരം നിർദ്ദേശങ്ങൾക്ക് തുടർച്ചയായി എല്ലാ വിധ ഭൗതിക സാഹചര്യങ്ങളും ഉള്ള (**Snellens Chart, Opthalmoscope, Auto refracto meter, Field vision-Confrontation method, Ischihaeo Chart**) സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ശാലാക്യതന്ത്രം-നേത്രരോഗ വിജ്ഞാൻ എം ഡി/എം എസ് എന്നിങ്ങനെയുള്ള ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള ആയുർവേദ ഡോക്ടർമാർ നൽകി വരുന്ന ഡ്രൈവിംഗ് ലൈസൻസിനുള്ള നേത്ര പരിശോധനാ സർട്ടിഫിക്കറ്റിന് അംഗീകരിക്കാവുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു. സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

അംഗീകാരത്തോടെ

05.8.2016

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)

6/8/16

e- 6225/2016

16 JUL 2016

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള ആയുർവ്വേദ ഡോക്ടർമാർ നൽകി വരുന്ന ഡ്രൈവിംഗ് ലൈസൻസിനുള്ള നേത്ര പരിശോധനാ സർട്ടിഫിക്കറ്റ് അംഗീകാരം നൽകുന്ന രീതി തുടരാൻ നിർദ്ദേശം നൽകി ഉത്തരവാകുന്നു.

---

ഗതാഗത (ബി) വകുപ്പ്.

സ.ഉ.(സാധാരണ) നം.291/16/ഗതാ. തീയതി, തിരുവനന്തപുരം, 15/07/2016.

---

പരാമർശം :- 1. ആയുർവ്വേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇൻഡ്യ ജനറൽ സെക്രട്ടറി 14/07/2015 ൽ സമർപ്പിച്ച നിവേദനം.
2. സി1/7851/റ്റി.സി./2006 എന്ന നമ്പരിലുള്ള ഗതാഗത കമ്മീഷണറുടെ 04/09/2015 ലെ കത്ത്.
3. എ2/127/2015/ആയുഷ് (170429) നമ്പരായുള്ള 13/06/2016 ലെ ആയുഷ് (എ) വകുപ്പിന്റെ കുറിപ്പ്.

<u>ഉത്തരവ്</u>

ആയുർവ്വേദ നേത്രരോഗവിദഗ്ധർ നൽകുന്ന ഡ്രൈവിംഗ് ലൈസൻസിനുള്ള നേത്ര പരിശോധനാ സർട്ടിഫിക്കറ്റിന് മുമ്പുണ്ടായിരുന്ന അംഗീകാരം നില നിർത്തുന്നതിന് നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് സൂചന ഒന്നു പ്രകാരം ആയുർവ്വേദ മെഡിക്കൽ അസോസിയേഷൻ ജനറൽ സെക്രട്ടറി നിവേദനം സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ആരോഗ്യവകുപ്പിന്റെ അഭിപ്രായം തേടാൻ ഗതാഗത കമ്മീഷണർ സൂചന രണ്ടിലെ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. സർക്കാർ സർവ്വീസിൽ നിലവിൽ ജോലി നോക്കുന്ന ആയുർവ്വേദ പി.ജി. നേടിയിട്ടുള്ള ഡോക്ടർമാർ നിലവിൽ ഭൗതിക സാഹചര്യമുള്ള ((Snellens chart, Opthalmoscope, Auto refracto meter, Field vision - Confrontation method, Ischihaeo chart) സ്ഥാപനങ്ങളിൽ നിന്നും നൽകിവരുന്ന ഡ്രൈവിംഗ് ലൈസൻസിനുള്ള നേത്ര പരിശോധനാ സർട്ടിഫിക്കറ്റ് അംഗീകരിക്കുന്ന രീതി തുടരാമെന്ന് സൂചന മൂന്നുപ്രകാരം ആയുഷ് (എ) വകുപ്പ് അഭിപ്രായപ്പെട്ടു.

മേൽ സാഹചര്യത്തിൽ എല്ലാവിധ ഭൗതിത സാഹചര്യങ്ങളും ഉള്ള ((Snellens chart, Opthalmoscope, Auto refracto meter, Field vision - Confrontation method, Ischihaeo chart) സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ശാലാക്യതന്ത്രം -

( ...2)

നേത്രരോഗ വിജ്ഞാൻ എം.ഡി./എം.എസ്. എന്നിങ്ങനെയുള്ള ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള ആയുർവ്വേദ ഡോക്ടർമാർ നൽകിവരുന്ന ഡ്രൈവിംഗ് ലൈസൻസിനുള്ള നേത്ര പരിശോധനാ സർട്ടിഫിക്കറ്റിന് അംഗീകാരം നൽകുന്ന രീതി തുടരാൻ ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം ;

**മണിലാൽ. ബി.എസ്.**

ഡെപ്യൂട്ടി സെക്രട്ടറി.

പകർപ്പ് :- ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി,
ആയുർവ്വേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ സ്റ്റേറ്റ് ലെയ്സൺ ഓഫീസ്, ശ്രീപാദതീർത്ഥം, തിരുവനന്തപുരം.
ആയുഷ് (എ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.